**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1877 07.03.2017- ൽ മറുപടിയ്ക്ക്

# എൻഡോസൾഫാൻ ഇരകൾക്ക് നഷ്ടപരിഹാരം

ചോദ്യം
ശ്രീ.എം.രാജഗോപാലൻ

മറുപടി
ശ്രീ.പിണറായി വിജയൻ
(ബഹു.മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ഇരകൾക്ക് നഷ്ടപരിഹാരം നൽകാൻ കോടതി നിർദ്ദേശം വന്നശേഷം എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ബഹു.സുപ്രീം കോടതിയുടെ വിധിപ്രകാരം 5 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കേണ്ടിവരുമ്പോൾ 292.4 കോടി രൂപയാണ് വേണ്ടിവരുന്നത്. ഇതിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തതിൻ പ്രകാരം ഇതിനകം അനുവദിച്ച തുക കുറയ്ക്കുമ്പോൾ ബാക്കി ധനസഹായം അനുവദിക്കുന്നതിന് 200 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കി-യിട്ടുള്ളത്. ( 2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് പ്രത്യേക ധനസഹായം നൽകണമെന്ന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ പട്ടികയിൽ നിന്നും പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും എൻഡോസൾഫാൻ ദുരിതം മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യം ഉള്ളവർ, ക്യാൻസർ രോഗികൾ എന്നിവർക്ക് മൂന്നുലക്ഷം രൂപ വീതവും ഗഡുക്കളായി നൽകുന്നതിനും തീരുമാനിക്കുകയും ആദ്യഗഡുവായി 45.745 കോടി രൂപയും രണ്ടാം ഗഡുവായി 44.466 |
| .(ബി) | എൻഡോസൾഫാൻ ഇരകൾക്ക് സഹായം ലഭ്യമാക്കാനും കുറ്റമറ്റരീതിയിൽ സഹായധനം വിതരണം ചെയ്യാനും നാളിതുവരെ സഹായം ലഭിച്ചിട്ടില്ലാത്ത ഏറ്റവും അർഹതയുള്ളവർക്കുകൂടി സഹായം ലഭ്യമാക്കാനും നടപടികൾ ഉണ്ടാകുമോ? | | |

| | | | |
|---|---|---|---|
| | | | കോടി രൂപയും ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്).<br>എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മുളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിനായി മുളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി അനുവദിച്ചു കിട്ടിയിട്ടുണ്ട്.<br>എൻഡോസൾഫാൻ പുനരധിവാസപ്രവർത്തനവുമായി ബന്ധപ്പെട്ട് ദുരിതബാധിതർക്ക് ആജീവനാന്തം പൂർണ്ണ ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുന്നതിനായി സൗജന്യ സ്പെഷ്യലിസ്റ്റ് & സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കി വരുന്നു. ആയതിലേയ്ക്കായി കേരളത്തിലും കർണ്ണാടകയിലുമായി 17 ആശുപത്രികൾ എം.പാനൽ ചെയ്യപ്പെട്ടിട്ടുണ്ട്. ബഹു. സുപ്രീം കോടതി വിധിയിൽ നിർദ്ദേശിച്ചിരിക്കുന്നതിൻ പ്രകാരം എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് പ്രധാനമന്ത്രിയ്ക്ക് കത്തയച്ചിട്ടുമുണ്ട്. ബന്ധപ്പെട്ട കമ്പനികളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും പരിഗണനയിലുണ്ട്. |

S. Bindu

**സെക്ഷൻ ഓഫീസർ**